"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - റിട്ട് ഹർജി നം.20794/19 മേലുള്ള ബഹു. ഹൈക്കോടതിയുടെ 06.08.2021 ലെ വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് വട്ടോളി സംസ്കൃത ഹൈസ്കൂളിൽ എഫ്.ടി.എം ആയുള്ള ശ്രീ.കെ.കെ.ബിജോഷിന്റെ ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്)വകുപ്പ്**

സ.ഉ.(കൈ) നം.56/2022/GEDN തീയതി,തിരുവനന്തപുരം, 07-04-2022

---

പരാമർശം:-

1. 28.05.2019 ലെ സ.ഉ.(സാധാ)നം.1949/2019/പൊ.വി.വ
2. 28.06.2019 ലെ സ.ഉ.(സാധാ) നം. 2596/2019/ പൊ.വി.വ
3. റിട്ട് ഹർജി നം.20794/19 മേലുള്ള ബഹു. ഹൈക്കോടതി യുടെ 06.08.2019 ലെ വിധിന്യായം.
4. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09.09.2021 ലെ ബി 5/1129/2021 നമ്പർ കത്ത്.
5. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.10.2021 ലെ നം.ബി 4/10169/2021 നം. കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.10.2021 ലെ EM 3/9398/2020 നമ്പർ കത്ത്.

**ഉത്തരവ്**

വടകര വട്ടോളി സംസ്കൃത ഹൈസ്കൂളിലെ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം.20794/2019 യിലെ ബഹു.ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായം പ്രകാരം ടി റിട്ട് പെറ്റീഷൻ അനുവദിച്ചുകൊണ്ടും പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ റദ്ദ് ചെയ്തു കൊണ്ടും എതിർകക്ഷിയായ ശ്രീ.കെ.കെ.ബിജോഷിനെയും മാനേജരെയും നേരിൽ കേട്ടതിനുശേഷം രണ്ടാം എതിർകക്ഷിയുടെ അപേക്ഷ പുന:പരിശോധിച്ച് 2 മാസത്തിനകം തീർപ്പ കൽപ്പിക്കാൻ 1- ാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചുകൊണ്ടും ബഹു. കേരള ഹൈക്കോടതി ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ബഹു. കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 18.10.2021, 26.10.2021 എന്നീ തീയതികളിൽ പരാതിക്കാരെയും ബന്ധപ്പെട്ട കക്ഷികളെയും വിദ്യാഭ്യാസ ഓഫീസർമാരെയും സർക്കാർ നേരിൽ കേട്ടു .

2. ശ്രീ.കെ.കെ.ബിജോഷിന്റെ പിതാവ് ടി സ്കൂളിൽ 1967 മുതൽ എച്ച്.എസ്.ടി ആയി ജോലി ചെയ്തു വരവെ 1993 ൽ മരണപ്പെട്ടിട്ടുള്ളതാണ്. പിതാവിന്റെ മരണ സമയത്ത് ഹർജിക്കാരന് 12 വയസ്സ് പ്രായമുണ്ടായിരുന്നു. പിതാവിന്റെ മരണത്തെത്തുടർന്ന് മാതാവിന്റെ മാനസികവും

ശാരീരികവുമായ ആരോഗ്യം വഷളായെന്നും ടിയാന് രണ്ടു സഹോദരൻമാർ കൂടി ഉണ്ടായിരുന്നുവെങ്കിലും 1994, 1995 കാലയളവിൽ ഇരുവരും മരണപ്പെട്ടതിനാൽ അദ്ധ്യാപികയായിരുന്ന മാതാവിന് മാനസിക രോഗം പിടിപെട്ടതിനാൽ ദീർഘകാലമായി ചികിത്സയിലാണെന്നും ശ്രീ.ബിജോഷ് ഹിയറിംഗിൽ അറിയിച്ചിട്ടുണ്ട്. നിലവിൽ പിതാവിന്റെ അവകാശികളായി ശ്രീ.ബിജോഷും മാതാവും മാത്രമേയുള്ളൂ. തന്റെ കുടുംബത്തിൽ വന്നു ചേർന്ന അവിചാരിത തുടർമരണങ്ങളുടെയും മാതാവിന്റെ മാനസികരോഗത്തിന്റെയും അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സ്കൂൾ മാനേജർക്ക് യഥാസമയം സമർപ്പിക്കുന്നതിന് സാധിച്ചിരുന്നില്ലെന്നും പിന്നീട് 04.07.2016 ന് സമർപ്പിച്ച ആശ്രിത നിയമനത്തിനുള്ള അപേക്ഷ മാനേജർ നിരസിക്കുകയുണ്ടായി എന്നും ഹർജിക്കാരൻ അറിയിക്കുകയുണ്ടായി .

3. മേൽപ്പറഞ്ഞ കാരണങ്ങൾ കാണിച്ചു കൊണ്ട് ആശ്രിത നിയമന കാര്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ചട്ടങ്ങളിൽ ഇളവ് നൽകണമെന്നും കാലതാമസം മാപ്പാക്കണമെന്നും ആവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി കാലതാമസം മാപ്പാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2) ശുദ്ധിപത്രം കൂടി പുറപ്പെടുവിച്ചിരുന്നു.

4. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 14 ലെ ചട്ടം 51 ബി പ്രകാരമുള്ള അവകാശിയെന്ന നിലയിൽ തന്റെ നിയമനാപേക്ഷ സമർപ്പിക്കുന്നതിലുള്ള കാലതാമസം സർക്കാർ മാപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ, ടി ഉത്തരവ് തീയതി മുതൽ വട്ടോളി സംസ്കൃതം ഹൈസ്കൂളിലെ സ്ഥാനക്കയറ്റം മൂലം എഫ്.ടി.എം തസ്തികയിലുണ്ടായ ഒഴിവിലേക്ക് 01.06.2021 മുതൽക്ക് തന്നെ നിയമിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

5. 14 വർഷത്തെ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് സ്കൂൾ മാനേജരുടെ ഭാഗം കേൾക്കുന്നതിന് അവസരം നല്കേണ്ടതുണ്ടായിരുന്നു എന്ന് വാദിച്ചാണ് മാനേജർ റിട്ട് ഹർജി നം. 20794/2019 ഫയൽ ചെയ്തിട്ടുള്ളത്. ബഹു.കോടതി ഹർജിക്കാരനോടൊപ്പം സ്കൂൾ മാനേജരേയും കൂടി കേട്ട് വിഷയം പുന:പരിശോധിക്കാനാണ് വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 14 വർഷം കാലതാമസമുണ്ടായിട്ടുള്ള സാഹചര്യത്തിൽ, സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ശ്രീജിത്ത് Vs എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ , Kerala (2012 (3) KLT 214) എന്ന കേസിലെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ കാലതാമസം മാപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദു ചെയ്യണമെന്നതാണ് മാനേജരുടെ ആവശ്യം.

6. കെ.ഇ.ആർ അദ്ധ്യായം 14 എ യിലെ ചട്ടം 51ബി പ്രകാരം, സർവ്വീസിലിരിക്കെ മരണപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകന്റെ ആശ്രിതന് മാനേജർ നിയമനം നൽകേണ്ടതാണെന്നും, ഇപ്രകാരമുള്ള നിയമനത്തിന് സർക്കാർ ജീവനക്കാർക്ക് ബാധകമായ ഉത്തരവുകൾ ആവശ്യമായ മാറ്റത്തോടെ പാലിച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

7. സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരന്റെ ആശ്രിതന് നിയമനം നൽകുന്നതു സംബന്ധിച്ചുള്ള ഉത്തരവ് 24.05.1999 ലെ സ.ഉ.(പി)നം.12/1999/പി&എ.ആർ.ഡി

ഉത്തരവും അതിന്മേലുള്ള ഭേദഗതികളുമാണ്. അതു പ്രകാരം, സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരന്റെ ആശ്രിതൻ, ജീവനക്കാരൻ മരണപ്പെടുമ്പോൾ മേജർ ആണെങ്കിൽ 2 വർഷത്തിനുള്ളിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നൽകേണ്ടതാണ്. മൈനർ ആണെങ്കിൽ മേജറായി മൂന്നു വർഷത്തിനകം അപേക്ഷ നൽകേണ്ടതുമാണ്. പിതാവിന്റെ മരണസമയത്ത് മൈനർ ആയിരുന്ന ശ്രീ.ബിജോഷ് മേജറായി 14 വർഷത്തിനു ശേഷമാണ് നിയമനാപേക്ഷ മാനേജർക്ക് സമർപ്പിക്കുന്നത്.

8. 2016 വർഷത്തിൽ, ശ്രീ.ബിജോഷ് ആശ്രിത നിയമനത്തിന് മാനേജർക്ക് അപേക്ഷ നൽകിയെങ്കിലും, 2018-19 വർഷത്തിൽ ടി സ്കൂളിലുണ്ടായ 3 എഫ്.ടി.എം തസ്തികകളിൽ മാനേജർ നിയമനം നടത്തിയിട്ടുണ്ടെന്നും, 51ബി അവകാശി എന്ന നിലയിൽ അനുകൂല ഉത്തരവുണ്ടായാൽ 2018-19 വർഷം ലഭ്യമായ ആദ്യത്തെ എഫ്.ടി.എം തസ്തികയിൽ ടിയാന് നിയമനം നൽകാമെന്നും പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. 24.05.1999 ലെ സ.ഉ.(പി)നം.12/1999/P&ARD പ്രകാരം, ആശ്രിത നിയമനത്തിനുള്ള അപേക്ഷകർ, സർക്കാർ ജീവനക്കാരന്റെ മരണസമയത്ത് മൈനർ ആണെങ്കിൽ പ്രായപൂർത്തിയായി മൂന്ന് വർഷത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണമെന്നാണ് വ്യവസ്ഥ.

10. ശ്രീ.കെ.കെ.ബിജോഷിന് 04.07.2016 ൽ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ 37 വയസ്സും, എസ്.എസ്.എൽ.സി യോഗ്യതയുമാണുള്ളത്. ഒ.ബി.സി വിഭാഗത്തിൽപ്പെടുന്നതിനാൽ 39 വയസ്സ വരെ പ്രായപരിധിയിൽ ഇളവുണ്ട്. ഓഫീസ് അറ്റൻഡന്റ്, ഫുൾ ടൈം മീനിയൽ തസ്തികയിലേക്കുള്ള യോഗ്യതയുമുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, മാനുഷിക പരിഗണന നല്കി , കാലതാമസം മാപ്പാക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, 14 വർഷത്തെ കാലതാമസം മാപ്പാക്കിയാണ് 28.05.2019 ലെ സ.ഉ.(സാധാ)നം. 1949/2019/പൊവിവ (എക്സിബിറ്റ്.പി5) ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവാണ് ബഹു.ഹൈക്കോടതി 06.08.2021 ലെ വിധിന്യായത്തിൽ റദ്ദ ചെയ്തിരിക്കുന്നത്.

11. നിലവിലുള്ള ചട്ടങ്ങളുടെയും കോടതി വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിക്കുമ്പോൾ 14 വർഷത്തെ കാലതാമസം മാപ്പാക്കാൻ കഴിയുകയില്ല എങ്കിലും ടി കുടുംബത്തിന്റെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്താണ് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി കാലതാമസം മാപ്പാക്കി കൊടുത്തിട്ടുള്ളത്. ആശ്രിത നിയമനം നൽകുന്നതിന്റെ ഉദ്ദേശ്യം, കുടുംബത്തിന്റെ അത്താണിയായിരുന്ന ആളുടെ പെട്ടെന്നുള്ള ദേഹവിയോഗത്തിൽ നിന്നും ആ കുടുംബത്തെ സാമ്പത്തികമായെങ്കിലും കരകയറ്റുക എന്നതാണ്. ശ്രീ.കെ.കെ. ബിജോഷിന്റെ പിതാവിന്റെ മരണശേഷം നിലനിന്നിരുന്ന അതേ സാഹചര്യത്തിൽ തന്നെയാണ് ആ കുടുംബം ഇപ്പോഴും ഉള്ളതെന്നാണ് കൂടിക്കാഴ്ചയിൽ വ്യക്തമായത്. പിതാവിന്റേയും സഹോദരൻമാരുടേയും ദേഹവിയോഗവും മാതാവിന്റെ മാനസികവും ശാരീരികവുമായ അസ്വാസ്ഥ്യങ്ങളും ഹർജിക്കാരനെ ബാധിച്ചിരിക്കാം. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ കൂടി കടന്നു പോയതിനാലാവാം ശ്രീ.കെ.കെ.ബിജോഷിന് നിശ്ചിത സമയത്ത് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ പോയത്. എക്സിബിറ്റ് പി5 ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് മാനേജരെ നേരിൽ കേട്ടില്ല എന്ന പരാതിയിലാണ് ബഹു.കോടതി എക്സിബിറ്റ് പി4, പി5 ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്.

12. കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം XIVA, 51 ബി പ്രകാരം മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതന് മാനേജർ നിയമനം നല്കേണ്ടതാണ്. ഇപ്രകാരമുള്ള നിയമനത്തിന് സർക്കാർ ജീവനക്കാർക്ക് ബാധകമായ ഉത്തരവുകൾ ആവശ്യമായ മാറ്റത്തോടെ പാലിച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ, ശ്രീ.കെ.കെ.ബിജോഷിന്റെ ആശ്രിത നിയമനത്തിന് 14 വർഷത്തെ കാലതാമസം മാപ്പാക്കുന്നതിനായി നേരിൽ കേട്ടതിനുശേഷം തീരുമാനിക്കണമെന്ന മാനേജരുടെ അഭ്യർത്ഥന ക്രമപ്രകാരമാണ്.

13. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വടകര, വട്ടോളി സംസ്കൃതം ഹൈസ്കൂൾ മാനേജർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.20794/2019 മേലുള്ള 06.08.2021 ലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, നിലവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, പ്രത്യേക കേസായി പരിഗണിച്ച്, പ്രസ്തുത റിട്ട് ഹർജിയിലെ 2-ാം എതിർകക്ഷിയായ ശ്രീ.കെ.കെ.ബിജോഷിന് വടകര, വട്ടോളി സംസ്കൃതം ഹൈസ്കൂളിൽ, കെ.ഇ.ആർ ലെ ചട്ടം 51B, അദ്ധ്യായം XIV A പ്രകാരം, ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന 14 വർഷത്തെ കാലതാമസം മാപ്പാക്കി, റിട്ട്ഹർജി നം.20794/19 മേലുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ് -
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര, കോഴിക്കോട്, 673101.
മാനേജർ, സംസ്കൃത ഹൈസ്കൂൾ, വട്ടോളി, കോഴിക്കോട്, 673510.
ശ്രീ.കെ.കെ.ബിജോഷ്, EIGHTS COTTAGE, ചെറുപറമ്പ പി.ഒ, ഉവക്കുന്ന്, കണ്ണൂർ- 670693
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര ( ഉപദേശ - സി) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Umadevi.k.b**
**Date: 11-04-2022 11:01:29**
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-04-2022

ഫയൽ നം. എസ്1/234/2021/പൊ.വി.വ. ഇനം നം: 654

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് വട്ടോളി സംസ്കൃത ഹൈസ്കൂളിൽ എഫ്.ടി.എം. ആയുള്ള ശ്രീ. കെ. കെ. ബിജോഷിന്റെ ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കുന്നത് - റിട്ട് പെറ്റീഷൻ നം.20794/19-മേലുള്ള ബഹു. ഹൈക്കോടതിയുടെ 06.08.2019-ലെ വിധിന്യായം നടപ്പിലാക്കുന്നത്.

തീരുമാനം :

1. കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.
2. 18.05.2004 തീയതിയിലെ 6678/ഉ.പ.(സി2)/2004/ഉ.ഭ.പ.വ. നമ്പർ സർക്കുലറിൽ 'ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ രണ്ടു വർഷത്തിൽ കൂടുതൽ കാലതാമസമുള്ള അപേക്ഷകൾ ഒരു കാരണവശാലും മന്ത്രിസഭ മുമ്പാകെ കൊണ്ടു വരാൻ പാടില്ല' എന്ന വ്യവസ്ഥ 'തക്കതായ കാരണങ്ങളില്ലാതെ മന്ത്രിസഭ മുമ്പാകെ കൊണ്ടുവരാൻ പാടില്ലായെന്ന്" ഭേദഗതി വരുത്തുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.

# GOVERNMENT OF KERALA
# (SHRI. PINARAYI VIJAYAN MINISTRY)
# NOTE FOR COUNCIL OF MEMBERS

| | | |
|---|---|---|
| 1. | File Number | S1/234/2021/GEDN |
| 2. | Department | General Education (S) Dept. |
| 3. | Subject | Condonation of delay occurred in submitting the application for Compassionate Employment in respect of Shri.K.K.Bijosh as Full Time Menial in Sanskrit High School, Vattoli, Kozhikode- Compliance of the judgment dated 06.08.2021 of the Hon'ble High Court in WP(C ) No.20794/2019 – Reg |
| 4. | Date of Chief Minister order for placing before the Council | 10.03.2022 |
| 5. | (i)Does the case involve financial commitments/ implications | No |
| | (ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | No |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No |
| 7. | Name of Additional Secretary who submitted the Draft Note | Sri.K.Nandakumar |
| 8. | Name of Principal Secretary who approved the Draft Note | Sri.A.P.M.Mohammed Hanish |
| 9. | Date of Approval of the Draft Note for the Council by the Principal Secretary | 23/03/22 |
| 10. | Name of Chief Secretary who approved the Draft Note | Dr.V.P.Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 31/03/22 |
| 12. | Name of Minister who approved the Draft Note | Sri.V.Sivankutty |
| 13. | Date of approval of the Draft Note for the Council by the Minister | 01/04/22 |
| 14. | Date of submission of fair copies | 02/04/22 |
| 15. | Date of decision by the Council of Ministers | |
| 16. | Number and Date of the G.O./ letter communicating the decision. | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വടകര, വട്ടോളി സംസ്കൃതം ഹൈസ്കൂൾ മാനേജർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.20794/2019 മേലുള്ള 06.08.2021 ലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, 18.05.2004 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നം.6678/ഉപദേശ.സി 2/2004/P&ARD സർക്കുലറിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, പ്രത്യേക കേസായി പരിഗണിച്ച്, പ്രസ്തുത റിട്ട് ഹർജിയിലെ 2-ാം എതിർകക്ഷിയായ ശ്രീ.കെ.കെ.ബിജോഷിന്റെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന 14 വർഷത്തെ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. റിട്ട് ഹർജി നം.20794/2019 മേലുള്ള ബഹു.ഹൈക്കോടതിയുടെ 06.08.2021 ലെ വിധിന്യായത്തിൽ റിട്ട് പെറ്റീഷൻ അനുവദിക്കുകയും 28.05.2019 ലെ സ.ഉ.(സാധാ)നം. 1949/2019/പൊവിവ (എക്സിബിറ്റ് പി4) , 28.06.2019 ലെ സ.ഉ(സാധാ) നം. 2596/2019/ പൊവിവ (എക്സിബിറ്റ് പി5) എന്നിവ റദ്ദു ചെയ്തു കൊണ്ട് 2-ാം എതിർകക്ഷിയായ ശ്രീ.കെ.കെ.ബിജോഷിനെയും മാനേജരേയും നേരിൽ കേട്ടതിനുശേഷം രണ്ടാം എതിർകക്ഷിയുടെ അപേക്ഷ പുന:പരിശോധിച്ച് 2 മാസത്തിനകം തീർപ്പ കൽപ്പിക്കാൻ 1-ാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ബഹു.കോടതി നിർദ്ദേശം പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട് 18.10.2021, 26.10.2021 തീയതികളിൽ ബന്ധപ്പെട്ടവരെ സർക്കാർ നേരിൽ കേട്ടു.

3. ശ്രീ.കെ.കെ.ബിജോഷിന്റെ പിതാവ് ടി സ്കൂളിൽ 1967, മുതൽ എച്ച്.എസ്.ടി ആയി ജോലി ചെയ്തു വരവേ 1993 ൽ മരണപ്പെട്ടിട്ടുള്ളതാണ്. പിതാവിന്റെ മരണ സമയത്ത് ഹർജിക്കാരന് 12 വയസ്സ് പ്രായമുണ്ടായിരുന്നു. പിതാവിന്റെ മരണത്തെത്തുടർന്ന് മാതാവിന്റെ മാനസികവും ശാരീരികവുമായ ആരോഗ്യം വഷളായെന്നും ടിയാന് രണ്ടു സഹോദരൻമാർ കൂടി ഉണ്ടായിരുന്നുവെങ്കിലും 1994, 1995 കാലയളവിൽ അവരും

മരണപ്പെട്ടതിനാൽ അദ്ധ്യാപികയായിരുന്ന മാതാവിന് മാനസിക രോഗം പിടിപെട്ടതിനാൽ ദീർഘകാലമായി ചികിത്സയിലാണെന്നും ശ്രീബിജോഷ് ഹിയറിംഗിൽ അറിയിച്ചിട്ടുണ്ട്. നിലവിൽ പിതാവിന്റെ അവകാശികളായി ശ്രീബിജോഷും മാതാവും മാത്രമേയുള്ളൂ. തന്റെ കുടുംബത്തിൽ വന്നു ചേർന്ന അവിചാരിത തുടർമരണങ്ങളുടേയും മാതാവിന്റെ മാനസികരോഗത്തിന്റെയും അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സ്കൂൾ മാനേജർക്ക് യഥാസമയം സമർപ്പിക്കുന്നതിന് സാധിച്ചിരുന്നില്ലെന്നും പിന്നീട് 04.07.2016 ന് സമർപ്പിച്ച ആശ്രിത നിയമനത്തിനുള്ള അപേക്ഷ മാനേജർ നിരസിക്കുകയുണ്ടായി എന്നും ഹർജിക്കാരൻ അറിയിക്കുകയുണ്ടായി.

4. മേൽപ്പറഞ്ഞ കാരണങ്ങൾ കാണിച്ചു കൊണ്ട് ആശ്രിത നിയമന കാര്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ചട്ടങ്ങളിൽ ഇളവ് നൽകണമെന്നും കാലതാമസം മാപ്പാക്കണമെന്നും ആവശ്യപ്പെട്ട് ടിയാൻ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി കാലതാമസം മാപ്പാക്കിക്കൊണ്ട് 28.05.2019 ലെ സ.ഉ.(സാധ ാ)നം. 1949/2019/പൊവിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 28.06.2019 ലെ സ.ഉ(സാധാ)നം. 2596/2019/പൊവിവ പ്രകാരം ഒരു ശുദ്ധിപത്രം കൂടി പുറപ്പെടുവിച്ചിരുന്നു.

5. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 14 ലെ ചട്ടം 51ബി പ്രകാരമുള്ള അവകാശിയെന്ന നിലയിൽ തന്റെ നിയമനാപേക്ഷ സമർപ്പിക്കുന്നതിലുള്ള കാലതാമസം സർക്കാർ മാപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ, ടി ഉത്തരവ് തീയതി മുതൽ വട്ടോളി സംസ്കൃതം ഹൈസ്കൂളിലെ സ്ഥാനക്കയറ്റം മൂലം എഫ്.ടി.എം തസ്തികയിലുണ്ടായ ഒഴിവിലേക്ക് 01.06.2021 മുതൽക്ക് തന്നെ നിയമിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

6. 14 വർഷത്തെ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് സ്കൂൾ മാനേജരുടെ ഭാഗം കേൾക്കുന്നതിന് അവസരം നല്കേണ്ടതുണ്ടായിരുന്നു എന്ന്

വാദിച്ചാണ് മാനേജർ നിലവിലെ റിട്ട് ഹർജി നം. 20794/2019 ഫയൽ ചെയ്തിട്ടുള്ളത്. ബഹു.കോടതി ഹർജിക്കാരനോടൊപ്പം സ്കൂൾ മാനേജരേയും കൂടി കേട്ട് വിഷയം പുന:പരിശോധിക്കാനാണ് വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 14 വർഷം കാലതാമസമുണ്ടായിട്ടുള്ള സാഹചര്യത്തിൽ, സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ശ്രീജിത്ത് Vs എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ , Kerala (2012 (3) KLT 214) എന്ന കേസിലെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ കാലതാമസം മാപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്യണമെന്നതാണ് മാനേജരുടെ ആവശ്യം.

7. കെ.ഇ.ആർ അദ്ധ്യായം 14 എ യിലെ ചട്ടം 51ബി പ്രകാരം, സർവ്വീസിലിരിക്കെ മരണപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകന്റെ ആശ്രിതന് മാനേജർ നിയമനം നൽകേണ്ടതാണെന്നും, ഇപ്രകാരമുള്ള നിയമനത്തിന് സർക്കാർ ജീവനക്കാർക്ക് ബാധകമായ ഉത്തരവുകൾ ആവശ്യമായ മാറ്റത്തോടെ പാലിച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

8. സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരന്റെ ആശ്രിതന് നിയമനം നൽകുന്നതു സംബന്ധിച്ചുള്ള ഉത്തരവ് 24.05.1999 ലെ സ.ഉ.(പി) 12/1999/പി&എ.ആർ.ഡി ഉത്തരവും അതിന്മേലുള്ള ഭേദഗതികളുമാണ്. അതു പ്രകാരം, സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരന്റെ ആശ്രിതൻ, ജീവനക്കാരൻ മരണപ്പെടുമ്പോൾ മേജർ ആണെങ്കിൽ 2 വർഷത്തിനുള്ളിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നൽകേണ്ടതാണ്. മൈനർ ആണെങ്കിൽ മേജറായി മൂന്നു വർഷത്തിനകം അപേക്ഷ നൽകേണ്ടതുമാണ്. പിതാവിന്റെ മരണസമയത്ത് മൈനർ ആയിരുന്ന ശ്രീ.ബിജോഷ് മേജറായി 14 വർഷത്തിനു ശേഷമാണ് നിയമനാപേക്ഷ മാനേജർക്ക് സമർപ്പിക്കുന്നത്.

9. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 2016 വർഷത്തിൽ, ശ്രീ.ബിജോഷ് ആശ്രിത നിയമനത്തിന് മാനേജർക്ക് അപേക്ഷ നൽകിയെങ്കിലും, 2018-19

വർഷത്തിൽ ടി സ്കൂളിലുണ്ടായ 3 എഫ്.ടി.എം തസ്തികകളിൽ മാനേജർ നിയമനം നടത്തിയിട്ടുണ്ടെന്നും, 51ബി അവകാശി എന്ന നിലയിൽ അനുകൂല ഉത്തരവുണ്ടായാൽ 2018-19 വർഷം ലഭ്യമായ ആദ്യത്തെ എഫ്.ടി.എം തസ്തികയിൽ ടിയാന് നിയമനം നൽകാമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10. 24.05.1999 ലെ സ.ഉ.(പി)നം.12/1999/P&ARD പ്രകാരം, ആശ്രിത നിയമനത്തിനുള്ള അപേക്ഷകർ, സർക്കാർ ജീവനക്കാരന്റെ മരണസമയത്ത് മൈനർ ആണെങ്കിൽ പ്രായ പൂർത്തിയായി മൂന്ന് വർഷത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണമെന്നാണ്. 18.05.2004 തീയതിയിലെ നമ്പർ 6678/ഉ.പ(സി2)/2004/ഉ.ഭ.പ.വ സർക്കുലർ പ്രകാരം രണ്ട് വർഷത്തിൽ കൂടുതൽ കാലതാമസമുള്ള അപേക്ഷകൾ ഒരു കാരണവശാലും മന്ത്രിസഭ മുമ്പാകെ കൊണ്ടു വരാൻ പാടില്ല എന്നും രണ്ട് വർഷത്തിൽ കുറവ് കാലതാമസമുള്ള കേസുകളിൽ നിയമം ഇളവ് ചെയ്യേണ്ടതാണെങ്കിൽ ഇതിന്റെ എല്ലാ വശവും പരിശോധിച്ച് ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിയുടെ ഉത്തരവോട് കൂടി തീരുമാനമെടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

11. ശ്രീ.കെ.കെ.ബിജോഷിന് 04.07.2016 ൽ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ 37 വയസ്സും, എസ്.എസ്.എൽ.സി യോഗ്യതയുമാണുള്ളത്. ഒ.ബി.സി വിഭാഗത്തിൽപ്പെടുന്നതിനാൽ 39 വയസ്സു വരെ പ്രായപരിധിയിൽ ഇളവുണ്ട്. ഓഫീസ് അറ്റൻഡന്റ്, ഫുൾ ടൈം മീനിയൽ തസ്തികയിലേക്കുള്ള യോഗ്യതയുമുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, മാനുഷിക പരിഗണന നല്കി, കാലതാമസം മാപ്പാക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, 14 വർഷത്തെ കാലതാമസം മാപ്പാക്കിയാണ് 28.05.2019 ലെ സ.ഉ.(സാധാ)നം. 1949/2019/പൊവിവ (എക്സിബിറ്റ് പി5) ഉത്തരവ് പുറപ്പെടുവിച്ചത്. മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാതെയാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ടി ഉത്തരവാണ് ബഹു.ഹൈക്കോടതി 06.08.2021 ലെ വിധിന്യായത്തിൽ റദ്ദ് ചെയ്തിരിക്കുന്നത്.

12. നിലവിലുള്ള ചട്ടങ്ങളുടേയും കോടതി വിധിന്യായങ്ങളുടേയും അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിക്കുമ്പോൾ 14 വർഷത്തെ കാലതാമസം മാപ്പാക്കാൻ കഴിയുകയില്ല എങ്കിലും ടി കുടുംബത്തിന്റെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്താണ് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി കാലതാമസം ബഹു.മുഖ്യമന്ത്രി മാപ്പാക്കി കൊടുത്തിട്ടുള്ളത്. ആശ്രിത നിയമനം നൽകുന്നതിന്റെ ഉദ്ദ്യേശ്യം, കുടുംബത്തിന്റെ അത്താണിയായിരുന്ന ആളുടെ പെട്ടെന്നുള്ള ദേഹവിയോഗത്തിൽ നിന്നും ആ കുടുംബത്തെ സാമ്പത്തികമായെങ്കിലും കരകയറ്റുക എന്ന താണ്. ശ്രീ.കെ.കെ. ബിജോഷിന്റെ പിതാവിന്റെ മരണശേഷം നിലനിന്നിരുന്ന അതേ സാഹചര്യത്തിൽ തന്നെയാണ് ആ കുടുംബം ഇപ്പോഴും ഉള്ളതെന്നാണ് കൂടിക്കാഴ്ചയിൽ വ്യക്തമായത്. പിതാവിന്റേയും സഹോദരൻമാരുടേയും ദേഹവിയോഗവും മാതാവിന്റെ മാനസികവും ശാരീരികവുമായ അസ്വാസ്ഥ്യങ്ങളും ഹർജിക്കാരനെ ബാധിച്ചിരിക്കാം. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ കൂടി കടന്നു പോയതിനാലാവാം ശ്രീകെ.കെ.ബിജോഷിന് നിശ്ചിത സമയത്ത് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ പോയത്. എക്സിബിറ്റ് പി5 ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് മാനേജരെ നേരിൽ കേട്ടില്ല എന്ന പരാതിയിലാണ് ബഹു.കോടതി എക്സിബിറ്റ് പി4, പി5 ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്.

13. കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം XIVA , 51 ബി പ്രകാരം മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതന് മാനേജർ നിയമനം നല്കേണ്ടതാണ്. ഇപ്രകാരമുള്ള നിയമനത്തിന് സർക്കാർ ജീവനക്കാർക്ക് ബാധകമായ ഉത്തരവുകൾ ആവശ്യമായ മാറ്റത്തോടെ പാലിച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ, ശ്രീ.കെ.കെ.ബിജോഷിന്റെ ആശ്രിത നിയമനത്തിന് 14 വർഷത്തെ കാലതാമസം മാപ്പാക്കുന്നതിനായി നേരിൽ കേട്ടതിനുശേഷം തീരുമാനിക്കണമെന്ന മാനേജരുടെ അഭ്യർത്ഥന ക്രമപ്രകാരമാണ്.

14. മേൽ സാഹചര്യത്തിൽ, ഈ വിഷയം മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് , 18.05.2004 ലെ സർക്കുലർ നം. 6678/ഉപദേശ സി2/2004/ ഉ.ഭ.പ.വ പ്രകാരമുള്ള വ്യവസ്ഥകളിൽ ഇളവ് ചെയ്ത് ആശ്രിത

നിയമനത്തിനുള്ള 14 വർഷത്തെ കാലതാമസം മാപ്പാക്കിയും അപ്രകാരം കോഴിക്കോട് വട്ടോളി സംസ്കൃത ഹൈസ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം.20794/2019 ലെ ബഹു ഹൈക്കോടതിയുടെ 06.08.2021 ലെ വിധിന്യായം പാലിച്ചും ഉത്തരവാകാമോ എന്ന വിഷയത്തിൽ ഫയൽ സമർപ്പിച്ചപ്പോൾ വിഷയം 'മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുക' എന്ന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വടകര, വട്ടോളി സംസ്കൃതം ഹൈസ്കൂൾ മാനേജർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.20794/2019 മേലുള്ള 06.08.2021 ലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, 18.05.2004 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നം.6678/ഉപദേശ.സി 2/2004/P&ARD സർക്കുലറിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, പ്രത്യേക കേസായി പരിഗണിച്ച്, പ്രസ്തുത റിട്ട് ഹർജിയിലെ 2-ാം എതിർകക്ഷിയായ ശ്രീ.കെ.കെ.ബിജോഷിന് വടകര, വട്ടോളി സംസ്കൃതം ഹൈസ്കൂളിൽ, കെ.ഇ.ആർ ലെ ചട്ടം 51B, അദ്ധ്യായം XIV A പ്രകാരം, ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന 14 വർഷത്തെ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കാമോ എന്ന്.

**Note for Cabinet Meeting**

This note deals with the issue of condoning the delay of 14 years that occurred in submitting application for employment assistance under the Compassionate Employment Scheme in respect of Sri.K.K.Bijosh, as a special case on humanitarian ground in ,relaxation of the terms and conditions prescribed in Govt.Circular No.6678/Adv.C2/2004/P&ARD dated 18.05.2004, for complying with the directions contained in the judgment dated 06.08.2021 of Hon'ble High Court in WP(C ) No.20794/2019 filed by the Manager, Sanskrit High School, Vattoli, Vadakara, Kozhikode .

2. The Hon'ble High Court, in its Judgment dated 06.08.2021 in WP(C) No.20794/2019, allowed the Writ Petition and set aside G.O (Rt) No.1949/2019/GEDN dated 28.05.2019 ( Exhibit P 4) and the erratum issued thereon as per G.O(Rt) No.2596/2019/GEDN dated 28.06.2019 ( Exhibit P 5) , and ordered Government, to reconsider the representation submitted by Sri.K.K.Bijosh. All the persons concerned were heard on 18.10.2021 and 26.10.2021 in compliance with the direction of the Court.

3. Sri.K.K.Bijosh's father had been working as High School Teacher since 1967 and died in 1993 while in service. At the time of his death Sri.K.K.Bijosh was at the age of 12. After the death of his father, the mental and physical health of his mother worsened and his two brothers also died during the period of 1994-1995. These misfortunes deteriorated the mental and physical health of his mother and she has been under treatment since then. At present, Sri.K.K.Bijosh and his mother are the only legal heirs of his father. Due to the unexpected tragic events that hit his family and that caused

the Psychiatric disorders of his mother, he could not submit the application for appointment under compassionate employment scheme in time . His application dated 04.07.2016 submitted to Manager of the school was rejected.

4. Considering the representation of Sri.K.K.Bijosh submitted before Hon'ble Chief Minister , Government issued G.O(Rt)No.1949/2019/GEDN dated 28.08.2019 for condoning the delay that happened in submitting the application, on humanitarian ground, as a special case in relaxation of the rules. Erratum orders were also issued later, as per G.O(Rt) No.2596/2019/GEDN dated 28.06.2019.

5. The request of Sri.K.K.Bijosh is to issue necessary orders directing the Manager to appoint him in the promotion vacancy of Full Time Menial which arose in Sanskrit High School, Vattoli on 01.06.2021 as Government have condoned the delay in submitting his application; under Rule 51B of Chapter XIV A of KER.

6. The Manager filed W.P( C ) No.20794/2019 alleging that the order condoning a delay of over 14 years could have been issued only after affording him an opportunity of being heard. In the Judgment dated 06.08.2021, the Hon'ble High Court ordered to reconsider the case after affording the Manager an opportunity for being heard. As there occurred a delay of 14 years in submitting application for employment, the Manager requested to cancel the Government Order issued condoning the delay, on the basis of judgment of the Supreme Court in, Shreejith Vs Deputy Director, Ernakulam, Kerala(2012(3)KLT 214.

7. As per Rule 51 B ,Chapter XIV A of Kerala Education Rules, the Manager shall give employment to the dependant of an Aided School Teacher

dying in harness. Government orders relating to employment assistance to the dependents of Government Servants dying in harness shall mutatis mutandis, apply in the matter of such appointments.

8. The appointment on Compassionate ground is based on the conditions in Government Order G.O(P) No.12/1999/P&ARD dated 24.05.1999 and its subsequent amendments . As per this Order, the time limit for preferring application under Compassionate Employment Scheme is 2 years from the date of death of the Government servant. In the case of minor, the period is within 3 years after attaining majority. Here, Sri.K.K.Bijosh , who was minor at the time of death of his father submitted application for Compassionate Appointment , 14 years after he became major.

9.The Director of General Education has reported that , in 2016, even though Sri.Bijosh submitted an application before the Manager , he made appointments in 3 Full Time Menials in vacancies that arose in the School during the year 2018-2019. It is also reported that if there was a favourable order considering him as 51B Claimant , appointment could be made in the first reported vacancy that was available in the year 2018-2019.

10. As per G.O(P) No.12/1999/P&ARD dated 24.05.1999, if the applicants for compassionate employment are minor at the time of death of the Government Employee , he should submit application within 3 years when he becomes major. As per the circular No.6678/P&AR(Adv.C2)/2004/P&ARD dtd 18.05.2004 the applications for condonation of delay for more than 2 years need not be placed before the cabinet at any reason and if the delay is less than two years the matter should be examined and orders must be issued after circulation of the file to the Hon'ble Chief Minister through Chief Secretary.

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | എസ് 1/234/2021/പൊ.വി.വ |
| 2. | വകുപ്പ് | പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ് |
| 3. | വിഷയം | കോഴിക്കോട് വട്ടോളി സംസ്കൃത ഹൈസ്കൂളിൽ എഫ്.ടി.എം ആയുള്ള ശ്രീ.കെ.കെ .ബിജോഷിന്റെ ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കുന്നത് - റിട്ട് പെറ്റീഷൻ നം.20794/19 മേലുള്ള ബഹു.ഹൈക്കോടതിയുടെ 06.08.2019 ലെ വിധിന്യായം - നടപ്പിലാക്കുന്നത് - സംബന്ധിച്ച്- |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10.03.2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യത യുള്ളതാണോ? | ഇല്ല |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.കെ.നന്ദകുമാർ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 23/03/22 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31/03/22 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.വി.ശിവൻകുട്ടി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 01/04/22 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 02/04/22 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

11. When the application for appointment was submitted, on 04.07.2016, Sri.Bijosh was 37 years old and his qualification was SSLC . He is eligible for being appointed as Office Attendant and Full Time Menial. He belongs to OBC Category and hence the upper age limit for appointment is 39 . The Hon'ble Chief Minister, considering the above circumstances, on humanitarian ground, ordered to condon the delay of 14 years and G.O(Rt)No. 1949/2019 dated 28.05.2019 (Exhibit P – 5) was issued accordingly. But Hon'ble High Court cancelled the Order in Judgment dated 06.08.2021.

12. The delay of 14 years that occurred in submitting the application cannot be condoned as per existing rules and court orders. The Hon'ble Chief Minister has ordered to relax the delay, by considering the pathetic situation of the family. The Intention of the Compassionate Employment Scheme is to provide expeditious relief to the immediate family of the deceased Government Servants, who will suffer in the absence of such a relief. It is understood from the hearing, that the situation of the family is as pathetic as it was at the time of death of the his father. The death of his father and siblings and the mental and physical ailment of the mother might have certainly affected him very badly. In view of the fact that Sri.Bijosh was going through difficult circumstances, he must not have been able to submit the application for compassionate employment within the stipulated time. The Hon'ble High Court set aside Exhibit P4 and P5 order since the Manger of the school was not heard at the time of issuance of the Order.

13. As per Rule 51B , Chapter XIVA of Kerala Education Rules, the Manager shall give employment to a dependent of an Aided School teacher dying in harness. Government orders relating to employment assistance to the dependents of Government servants dying in harness shall mutatis mutandis,

apply in the matter of such appointments. Therefore, it was proper that the manager also ought to have been heard before condonation of 14 years of delay.

14. In the above circumstances, when the file was submitted for orders whether the matter of condoning the delay of 14 years, that occurred in submitting application submitted by Sri.Bijosh for Compassionate Employment considering as a special case , relaxing the terms and conditions contained in the Circular No.6678/Adv.C2/2004/P&ARD dated 18.05.2004, on humanitarian ground, the Hon'ble Chief Minister ordered to place the case before the cabinet.

**Point for decision**

Whether the delay of 14 years that occurred in submitting the application for employment under the Compassionate Employment Scheme in respect of Sri.K.K.Bijosh, under Rule 51B of Chapter XIV A of KER may be condoned by considering as a special case in relaxation of terms and conditions of Circular No.6678/Adv.C2/2004/P&ARD dated 18.05.2004 on humanitarian grounds as part of complying with the judgment dated 06.08.2021 in WP(C) No.20794/2019 filed by the Manager, Sanskrit High School, Vattoli, Vadakara, Kozhikode.